"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ആലപ്പുഴ ജില്ലയിലെ, കണ്ണാടി എസ്.എച്ച് യു.പി സ്കൂളിലെ പാർട്ട് ടൈം ലോവർ ഗ്രേഡ് ഹിന്ദി ടിച്ചറായ ശ്രീമതി. ലിസ്സ് മാത്യു ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം സെന്റ് തോമസ് യു.പി സ്കൂളിലെ ഫുൾടൈം ലോവർ ഗ്രേഡ് ഹിന്ദി ടീച്ചറായ ശ്രീമതി. ബിബിമോൾ വർഗ്ഗീസ് എന്നിവർ ഫയൽ ചെയ്ത റിട്ട് ഹർജി നം.37824/2024 മേലുള്ള 28.10.2024-ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4296/2025/GEDN തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:-

1. ശ്രീമതി. ലിസ്സ് മാത്യു, ശ്രീമതി. ബിബിമോൾ വർഗ്ഗീസ് എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 37824/2024 മേലുള്ള 28.10.2024-ലെ വിധിന്യായം.
2. മങ്കൊമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.11.2024-ലെ AEO MCP/C/924/2024 നമ്പർ കത്ത്.
3. ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.11.2024-ലെ ബി2/7165/2024/ഡിഡിഇ നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2024-ലെ എഫ്3/ 24287/2024/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കണ്ണാടി എസ്.എച്ച് യു.പി സ്കൂളിലെ പാർട്ട് ടൈം ലോവർ ഗ്രേഡ് ഹിന്ദി ടിച്ചറായ ശ്രീമതി. ലിസ്സ് മാത്യു ആലപ്പുഴ ജില്ലയിലെ ചമ്പക്കുളം സെന്റ് തോമസ് യു.പി സ്കൂളിലെ ഫുൾ ടൈം ലോവർ ഗ്രേഡ് ഹിന്ദി ടീച്ചറായ ശ്രീമതി. ബിബിമോൾ വർഗ്ഗീസ് എന്നവർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 37824/2024 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട്, 01.06.2024 ലെ G.O. (Ms) No.54/2024/GEDN ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന മുൻഗണനാക്രമവും, സമയപരിധിയും പാലിച്ചു കൊണ്ട് ഹർജി കക്ഷികളെയും ആറാം കക്ഷിയായ മാനേജരെയും നേരിൽ കേട്ട ശേഷം Ext.P17 റിവിഷൻ ഹർജി തീർപ്പാക്കുവാൻ നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 02/12/2024 ന് നേരിൽ കേട്ടു.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>

i) **<u>ഒന്നാം പരാതിക്കാരിയെ</u>** ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് ഉപജില്ലയിൽ കണ്ണാടി എസ്.എച്ച

യു.പി സ്കൂളിൽ പാർട്ട് - ടൈം ലോവർ ഗ്രേഡ് ഹിന്ദി ടിച്ചർ ആയി 03.06.2024 മുതൽ ഒരു പ്രൊമോഷൻ ഒഴിവിൽ നിയമിച്ചു എന്നാൽ ഈ നിയമനം രണ്ടു വർഷത്തെ ഹിന്ദി ട്രെയിനിങ് സർട്ടിഫിക്കറ്റ് പാസായിട്ടില്ല എന്ന മുഖ്യ കാരണവും സ്ഥാനകയറ്റം നൽകിയ ടിച്ചറിന്റെ നിയമനം അംഗികരിച്ചിട്ടില്ലാത്തതിനാൽ ഒഴിവു വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താലും മങ്കൊമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 30.07.2024 ലെ ഉത്തരവു പ്രകാരം നിരസിക്കുകയുണ്ടായി ബഹുമാനപ്പെട്ട കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മാനേജർ സമർപ്പിച്ച അപ്പീൽ ഇതേവരെ തീരുമാനമായില്ല. യോഗ്യതയെ സംബന്ധിച്ച തടസ്സ വാദത്തിനുള്ള കാരണം 07.03.2019 ലെ G.O (Ms) 30/2019/G.Edn ഉത്തരവാണ് ഇതിനു നിദാനമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. മറ്റുകാരണങ്ങളെല്ലാം പരിഹൃതമായിട്ടുണ്ട്. അതിനാൽ ഈ കാര്യത്തിൽ തീരുമാനമെടുക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കോ കഴിയാത്തതിനാൽ ഞാൻ രണ്ടാം പരാതിക്കാരിയോടൊപ്പം നേരിട്ട് സർക്കാരിലേക്ക് ചട്ടം 92 പ്രകാരം റിവിഷൻ ഫയൽ ചെയ്യുകയാണുണ്ടായത്.

- ഞാൻ 2015 ൽ CBSE SECONDARY SCHOOL EXAM വിജയിച്ചിട്ടുണ്ട്
- ഞാൻ ഇംഗ്ലീഷ് സാഹിത്യത്തിൽ ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്
- ഞാൻ കേരളം ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ വിജയിച്ചിട്ടുണ്ട്
- ഞാൻ K-TET-IV വിജയിച്ചിട്ടുണ്ട്

ii) **<u>രണ്ടാം പരാതിക്കാരിയെ</u>** ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് ഉപജില്ലയിൽ ചമ്പക്കുളം സെന്റ് തോമസ് യു.പി സ്കൂളിൽ ഫുൾ ടൈം ലോവർ ഗ്രേഡ് ഹിന്ദി ടീച്ചർ ആയി 03.06.2024 മുതൽ ഒരു പെൻഷൻ ഒഴിവിൽ നിയമിച്ചു എന്നാൽ ഈ നിയമനം രണ്ടാം പരാതിക്കാരി രണ്ടു വർഷത്തെ ഹിന്ദി ട്രെയിനിങ് സർട്ടിഫിക്കറ്റ് (D.El.Ed) പാസായിട്ടില്ല എന്ന മുഖ്യ കാരണവും സ്ഥാനകയറ്റം നൽകിയ ടീച്ചറിന്റെ നിയമനം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഒഴിവു വ്യവസ്ഥാപിതമായിട്ടില്ല എന്ന കാരണത്താലും മങ്കൊമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 30.07.2024 ഉത്തരവു പ്രകാരം നിരസിക്കുകയുണ്ടായി ബഹുമാനപ്പെട്ട കുട്ടനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് മാനേജർ സമർപ്പിച്ച അപ്പീൽ ഇതേവരെ തീരുമാനമായില്ല. യോഗ്യതയെ സംബന്ധിച്ച തടസ്സവാദത്തിനുള്ള കാരണം 07.03.2019 ലെ G.O (Ms) 30/2019/G.Edn ഉത്തരവാണ് ഇതിനു നിദാനമായി ചൂണ്ടിക്കാണിക്കപ്പെട്ടത്. മറ്റുകാരണങ്ങളെല്ലാം പരിഹൃതമായിട്ടുണ്ട്. അതിനാൽ ഈ കാര്യത്തിൽ തീരുമാനമെടുക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കോ കഴിയാത്തതിനാൽ ഒന്നാം പരാതിക്കാരിയോടൊപ്പം നേരിട്ട് സർക്കാരിലേക്ക് ചട്ടം 92 പ്രകാരം റിവിഷൻ ഫയൽ ചെയ്യുകയാണുണ്ടായത്

- ഞാൻ 2004 ൽ SSLC വിജയിച്ചിട്ടുണ്ട്
- ഞാൻ Higher Secondary Examination വിജയിച്ചിട്ടുണ്ട്
- ഞാൻ കേരളം ഹിന്ദി പ്രചാര സഭയുടെ ഹിന്ദി ഭൂഷൺ പരീക്ഷ വിജയിച്ചിട്ടുണ്ട്
- ഞാൻ K-TET-IV വിജയിച്ചിട്ടുണ്ട്.

iii) 07.03.2019 ലെ G.0(Ms) 30/2019/G.Edn ഉത്തരവ് പ്രകാരം നിലവിലുള്ള ഒരു

വർഷത്തെ ഡി എൽ ഡി (ഹിന്ദി,അറബി, ഉറുദു, സംസ്കൃതം) കോഴ്സ് എല്ലാം രണ്ടു വർഷത്തെ D.El.Ed കോഴ്സ് ആയി പരിഷകരിക്കുകയുണ്ടായി. ജൂനിയർ ഹിന്ദി ടീച്ചേഴ്സിന്റെ യോഗ്യത D.El.Ed കോഴ്സ് ആയി നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ യാതൊരു ഭേദഗതിയും ഇന്നേവരെ ഇക്കാര്യത്തിൽ വരുത്തിയിട്ടില്ലാത്തതാണ്. 10.06.2024 ലെ G.O.(Rt) 59/2024/GEdn ഉത്തരവ് പ്രകാരം പരീക്ഷ കമ്മിഷണർ നടത്തുന്ന രണ്ടു വർഷ D.EL.Ed എയ്ഡഡ് സ്കൂളുകളിലെ ലോവർ ഗ്രേഡ് ഹിന്ദി അധ്യാപകരുടെ അധിക മിനിമം യോഗ്യതയായി നിശ്ചയിക്കുകയുണ്ടായി. 07.03.2019 ഇൽ KER ഇൽ നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ നേടിയവരെയും 07.03.2019 ഇൽ നിശ്ചിത കോഴ്സുകൾക്ക് പ്രവേശനം നേടിയവരെയും D.El.Ed കോഴ്സ് പാസ്സാകുന്നതിൽ നിന്നും ഈ ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട് പരാതിക്കാർ ഹിന്ദി അധ്യാപികരായി 03.06.2024 ഇൽ നിയമിച്ചു തുടരുന്നവരാണ് 10.06.2024 ലെ GO.(Rt) 59/2024/GEdn ഉത്തരവിന് മുൻപ് നിയമനം ലഭിച്ചവരാണ് അതിനാൽ D.EI.ED കോഴ്സ് പാസ്സായവരെപ്പോലെ തന്നെ പരാതിക്കാരെയും കണക്കാക്കേണ്ടാതാണ് കെ ഇ ആർ അധ്യായം 31 ചട്ടം 3 (2) (iii) പ്രകാരം എസ്എസ്എൽസിയും കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ പരീക്ഷയോ ഹിന്ദി ഭൃഷൺ പരീക്ഷയോ പാസായ ആളുകൾക്ക് ജൂനിയർ ഹിന്ദി ടീച്ചേഴ്സിന്റെ നിയമനത്തിന് അർഹതയുണ്ട്. ആയതിനാൽ ഞങ്ങൾ എസ്എസ്എൽസിയും കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ പരീക്ഷ / ഹിന്ദി ഭൃഷൺ പരീക്ഷ യും പാസായ ആളുകളായതിനാൽ ജൂനിയർ ഹിന്ദി ടിച്ചറിന്റെ നിയമനത്തിന് കെ ഇ ആർ അധ്യായം 31 ചട്ടം 3 (2) (iii) പ്രകാരം ഞങ്ങൾ പൂർണയോഗ്യരാണ്.

iv) രാധാമണിയും പൊതു വിദ്യാഭ്യാസ ഡയറക്ടറും (ILR 2009(4) Ker 783) എന്ന കേസിൽ KER അധ്യായം 31 ചട്ടം 2(a) പറയുന്ന യോഗ്യതകൾ ഉള്ള ആളുകൾക്ക് അവരുടെ നിയമനം യോഗ്യതയില്ല എന്ന കാര്യം പറഞ്ഞു നിരസിക്കാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. KER ചട്ടങ്ങൾ ഭേദഗതി ചെയ്യാതെ പുതിയ യോഗ്യത സർക്കാർ ഉത്തരവ് വഴി നടപ്പിലാക്കുന്നത് ശരിയല്ല എന്ന് കേരള ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട് അതിനാൽ ഈ ജഡ്ജ്മെന്റിലെ അന്തസത്ത പാലിച്ചാൽ ഞങ്ങളുടെ നിയമനം അംഗീകാരയോഗ്യമാണ്. കാരണം 07.03.2019 ലെ G.O(MS) 30/2019/G.Edn സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽയാതൊരു KER ചട്ടഭേദഗതിയും ഇന്നേവരെ വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഞങ്ങൾ 14.10.2024 ലെ ഞങ്ങളുടെ സംയുക്ത റിവിഷൻ പെറ്റിഷൻ വഴി ബഹുമാനപ്പെട്ട ഗവൺമെന്റിലേക്ക് ഞങ്ങളുടെ നിയമനം 03.06.2024 മുതൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി പ്രൊവിഷണലാലായി അംഗീകരിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഒരു പരാതി സമർപ്പിക്കുകയും ഉണ്ടായി. കൂടാതെ ഞങ്ങളുടെ സംയുക്ത റിവിഷൻ ഹർജി സമയബന്ധിതമായി തിർപ്പാക്കുന്നതിന് ഗവൺമെന്റിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C). No.37824/2024 ഫയൽ ചെയ്യുകയും ഉണ്ടായി. 28.10.2024 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഞങ്ങൾ ഫയൽ ചെയ്ത Ext P17 സംയുക്ത റിവിഷൻ ഹർജി ഞങ്ങളെ കേട്ട് 4 മാസത്തിനകം തീർപ്പാക്കണം എന്ന് നിർദ്ദേശിച്ചു കൊണ്ട് റിട്ട് ഹർജി തീർപ്പാക്കുകയും ചെയ്തു.

v) ഞങ്ങളുടെ റിവിഷൻ ഹർജി അംഗീകരിക്കുന്നതിന് ആവശ്യമായ കാരണങ്ങൾ

:- ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ബിജു ജോർജും ശ്രീജ E.C യും (W.A.No.724/2014) ഗവൺമെന്റിന് എക്സിക്യൂട്ടിവ് ഓർഡറുകൾ നടപ്പിലാക്കണമെങ്കിൽ സ്റ്റാട്യൂട്ടറി ചട്ടങ്ങൾഭേദഗതി വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി ചട്ടങ്ങൾ ഭേദഗതി വരുത്താതെ യോഗ്യതകളിൽ മാറ്റം വരുത്താൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഞങ്ങളുടെ ജൂനിയർ ഹിന്ദി ടീച്ചർ ആയിട്ടുള്ള നിയമനം നിരസിച്ചിട്ടുള്ളത് യോഗ്യതയില്ല എന്നുള്ള മുഖ്യ കാരണത്താലാണ്. മറ്റു കരണങ്ങളെല്ലാം തന്നെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ KER അനുശാസിക്കുന്ന യോഗ്യത കൈവരിച്ചിട്ടുള്ള ആളുകളാണ് ഞങ്ങൾ. KERൽ അദ്ധ്യായം 31 ചട്ടം 3(2) (iii) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള എസ്.എസ്.എൽ.സിയും കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ / ഹിന്ദിഭൂഷൺ പരീക്ഷയും പാസായിട്ടുള്ള വരാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ ജൂനിയർ ഹിന്ദി ടീച്ചർ തസ്തികയിലേക്ക് നിയമനത്തതിന് പൂർണ യോഗ്യതയുള്ള ആളാണ് രണ്ടു വർഷത്തെ ഡി.എൽഎഡ് കോഴ്സ് ജൂനിയർ ഹിന്ദി ടീച്ചറിന്റെ കുറഞ്ഞ യോഗ്യതയായി നിഷ്കർഷിച്ചത് രാധാമണിയും പൊതുവിദ്യാഭ്യാസ ഡയറക്ടറും (ILR2009(4) Ker 783) എന്ന കേസിലെ വിധിന്യായത്തിന് എതിരാണ് ആയതിനാൽ എക്സിക്യൂട്ടീവ് ഓർഡർ വഴിയുള്ള യോഗ്യതയിൽ ഭേദഗതി ചെയ്ത നടപടി-Ext P-15, Ext P16 ഉത്തരവുകൾ നിലനിൽക്കുന്നതല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മലപ്പുറം വിദ്യാഭ്യാസ ഡയറക്ടറും ഷെർമിളയും (WA.No.135/2017) എന്ന കേസിൽ ഗവൺമെന്റിന്റെ എക്സിക്യൂട്ടിവ് അധികാരം നിയമസഭയുടെ അധികാരത്തിനു വിധേയമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട് അതിനാൽ ഗവൺമെന്റിന്റെ നിയമനിർമ്മാണത്തിനുള്ള അധികാരം എക്സിക്യൂട്ടിവ് ഉത്തരവ് ഇറക്കാനുള്ള അധികാരത്തിനേക്കാൾ മുൻപന്തിയിൽ നിൽക്കുന്നതാണ്. ഗവൺമെന്റിന്, അധ്യാപകരുടെ യോഗ്യതയുടെ കാര്യത്തിൽ ഉയർന്ന ഭേദഗതി വേണമെന്നുണ്ടെങ്കിൽ വിദ്യാഭ്യാസ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി അത് നടപ്പിലാക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പലവട്ടം വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ ഈ കാര്യത്തിൽ ഡിഎൽഎഡ് രണ്ടു വർഷത്തെ കോഴ്സ് ജൂനിയർ ഹിന്ദി ടീച്ചറിന് മിനിമം യോഗ്യതയാക്കിക്കൊണ്ടുള്ള KER ഭേദഗതി ഇതേവരെ വരുത്തിയിട്ടില്ല അതിനാൽ രണ്ടു വർഷത്തെ കോഴ്സ് ജൂനിയർ ഹിന്ദി അധ്യാപികയുടെ കുറഞ്ഞ യോഗ്യതയായി നിഷ്കർഷിക്കുന്ന Ext P16 ഉത്തരവ് നിലനിൽക്കുന്നതല്ല. 15.05.2024 ലെ P.S.C നോട്ടിഫിക്കേഷൻ പ്രകാരം കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ പരീക്ഷ / ഹിന്ദി ഭൂഷൺ പരിക്ഷ യും SSLC യും പാസായ ആളുകൾക്ക് ജൂനിയർ ഹിന്ദി ടീച്ചറിൻ്റെ നിയമനത്തിന് 19.06.2024 അപേക്ഷിക്കൻ അർഹതയുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ 03.06.2024 നിയമിച്ച ഞങ്ങളുടെ യോഗ്യത സാധുവല്ലെന്നു പറയുന്നത് കടുത്ത വിവേചനമാണ് ഭരണഘടനയുടെ അനുച്ഛേദം 14 നും 16നും എതിരാണ് എന്നതിനാൽ Ext P15, നിലനിൽക്കുന്നതല്ല. സമാന സാഹചര്യത്തിൽ, മലപ്പുറം പുലാമന്തോൾ AUPS ലെ ശ്രീമതി ജെസ്സയുടെ 01.12.2021 മുതലുള്ള ഹിന്ദി ടീച്ചർ നിയമനം KER ൽ ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാൽ 09.06.2023 ലെ G.O(Rt) 3352/ 2023/G.Edn ഉത്തരവ് പ്രകാരം അംഗീകരിച്ചുകൊണ്ടു ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം KER ൽ ഭേദഗതി വരുത്തുന്നത് വരെ KER ലെ യോഗ്യതകൾ ഉള്ളവരെ അംഗീകരിക്കാമെന്നു വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ഞങ്ങളുടെ നിയമനവും പൂർണ്ണ യോഗ്യതയുമുള്ളവരുടേതായി കണക്കാക്കി ഭിന്നശേ സംവരണത്തിന് വിധേയമായി അംഗീകരിക്കേണ്ടതാണ് ഉത്തരവിന്റെ അന്തസത്ത പാലിച്ചാൽ ഞങ്ങളുടെ നിയമനവും ഞങ്ങൾ

പൂർണയോഗ്യതയുള്ളവരാണെന്നതിനാൽ അർഹതയുണ്ട് നിയമനംഗീകാരത്തിനു. ഈ സാഹചര്യത്തിൽ ഞങ്ങളുടെ 03.06.2024 മുതലുള്ള ജൂനിയർ ഹിന്ദി ടീച്ചർ നിയമനങ്ങൾ അംഗീകരിച്ച ഉത്തരവ് ആവണമെന്ന് ആദരവോടെ അപേക്ഷിക്കുന്നു.

3) <u>ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

i) <u>ശ്രീമതി. ലിസ് മാത്യു എൽ.ജി ഹിന്ദി.എസ്.എച്ച്.യു.പി.സ്കൂൾ,കണ്ണാടി</u>

കണ്ണാടി എസ്.എച്ച്.യു.പി. സ്കൂളിലെ പാർട്ട് ടൈം എൽ.ജി ഹിന്ദി അധ്യാപകൻ ആയിരുന്ന ശ്രീ അനിഷ് ജേക്കബ് ന് സ്ഥാനക്കയറ്റം ലഭിച്ച് ചങ്ങനാശേരി എസ്.ബി.എച്ച്.എസ്.ലേയ്ക്ക് സ്ഥലം മാറിയ ഒഴിവിൽ ആണ് ലിസ് മാത്യു വിനെ 03.06.2024 മുതൽ മാനേജർ നിയമിച്ചത് എന്നാൽ താഴെ പറയുന്ന കാരണങ്ങളാൽ ലിസ് മാത്യുവിന്റെ നിയമനം മങ്കൊമ്പ് ഉപജില്ലാ വിദ്യഭ്യാസ ഓഫീസർ നിരസിച്ചു.

- സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീ അനീഷ് ജേക്കബ് ന്റെ നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല.
- 07.03.2019 ലെ G.O (എം.എസ്) നം.30/2019 ഉത്തരവ് പ്രകാരം D.ELED യോഗ്യത ആണ് പി.ടി.എൽ.ജി. തസ്തികയ്ക്ക് വേണ്ടത്. GO (എം.എസ്) നം 39/ 2024 GDEN തി 10.06.2024 ഉത്തരവിലെ ഖണ്ഡിക 5 ൽ പരാമർശിക്കും പ്രകാരം 2023-24 അദ്ധ്യയന വർഷം വരെ നിലവിലെ ചട്ടങ്ങൾ പ്രകാരം എൽ.പി/യു.പി ഭാഷാധ്യാപകർക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന യോഗ്യതകളോട് കൂടി നിയമനം ലഭിച്ചവർക്കും, 2023-24 അധ്യയന വർഷം വരെയുള്ള PSC വിജ്ഞാപനത്തിലൂടെ നിയമനം ലഭിക്കുന്നവർക്കും മാത്രം രണ്ടു വർഷത്തെ DELED യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളു. ലിസ് മാത്യുവിൻറെ നിയമനം 03/06/2024 മുതൽ ആയതിനാൽ 2024-25 അധ്യയന വർഷത്തിൽ ആണ് നിയമനം ലഭിക്കുന്നത്. ആയതിനാൽ D.ELED യോഗ്യത അനിവാര്യമാണ്.

ii) <u>ശ്രീമതി. ബിബിമോൾ വർഗീസ്</u>

ചമ്പക്കുളം സെന്റ്. തോമസ് യു.പി.സ്കൂളിലെ എൽ.ജി ഹിന്ദി ടീച്ചർ ആയിരുന്ന റോസമ്മ സെബാസ്റ്റ്യൻ 31.05.2024 ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേക്കാണ് ബിബിമോൾ വർഗീസ് നെ മാനേജർ 03.06.2024 മുതൽ നിയമിച്ചത്. എന്നാൽ മാനേജ്മെൻറിന് കീഴിലുള്ള സ്കൂളുകളിലെ പി.ടി. എൽ.ജി. തസ്തികയിലെ നിയമനങ്ങൾ നിരസിച്ചിട്ടുള്ള സാഹചര്യത്തിലും കായൽപ്പുറം സെന്റ് ജോസഫസ് യു പി സ്കൂളിലെ പി റ്റി എൽ ജി ഹിന്ദി അധ്യാപികയായ ശ്രീമതി ജെസ്സിനാമ്മ ജോസിനെ 15/07/2021 മുതൽ പുളിങ്കുന്ന് ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിൽ ഫുൾടൈം എൽ ജി ഹിന്ദി അധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ സിസ്റ്റർ ജെസ്റ്റി ദേവസ്യയെ നിയമിക്കുകയും ടി നിയമനം ശ്രീമതി ജെസ്സിനാമ്മ ജോസിന്റെ നിയമനം കുട്ടനാട് ജില്ലാ വിദ്യാഭ്യസ ഓഫീസർ അംഗീകരിച്ച നല്കിയിട്ടില്ലാത്തതിനാൽ മങ്കൊമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി തസ്തികയിലെ തുടർ നിയമനങ്ങൾ ആയ ശ്രീമതി ആൻ

മേരി സണ്ണി, ശ്രീമതി ആഷ്ലിമോൾ സജു (കായൽപ്പുറം സെന്റ് ജോസഫ്സ് യു.പി.എസ്) ജോസ്മി ജോസ്, അന്നമ്മ ആന്റണി, അനീഷ് ജേക്കബ് (കണ്ണാടി SHUP ) എന്നി നിയമനങ്ങളും ഒഴിവുകൾ വ്യവസ്ഥാപിതമാകാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്. ഈ മാനേജ്മെന്റിന്റെ നിയമനങ്ങൾ പ്രയോറിറ്റി അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ പരാമർശിച്ചിരിക്കുന്ന അധ്യാപകരുടെ നിയമനങ്ങൾ പരിഗണിച്ചതിനു ശേഷം മാത്രമേ ശ്രീമതി ബിബിമോൾ വർഗീസിന്റെ നിയമനം പരിഗണിക്കാൻ നിർവാഹമുള്ളൂ. അതുപോലെ 10.06.2024 ലെ 59/2024/GEDN ഉത്തരവും പ്രകാരം 2023 - 24 അധ്യയന വർഷം വരെ നിലവിലെ ചട്ടങ്ങൾ പ്രകാരം എൽപി/ യു.പി ഭാഷാ അധ്യാപകർക്ക് നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതകളോട് കൂടി നിയമനം ലഭിച്ചവർക്ക് മാത്രമേ ഡി എൽ ഡ് യോഗ്യത നേടുന്നതിൽനിന്നും ഇളവ് അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ടി നിയമനം പരിഗണനാർഹമല്ല

4) നേരിൽ കേട്ട വേളയിൽ ഹർജിക്കാരും, മറ്റ് ബന്ധപ്പെട്ട കക്ഷികളും ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. റിട്ട് ഹർജിയിലെ ഒന്നാം ഹർജിക്കാരിയായ ശ്രീമതി. ലിസ് മാത്യു ന്റെ 03.06.2024 മുതലുള്ള നിയമനം നിരസിച്ചിരിക്കുന്നത് സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ശ്രീ അനീഷ് ജേക്കബ് ന്റെ നിയമനം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചതിനാൽ ഒഴിവ് വ്യവസ്ഥാപിതമല്ല, കൂടാതെ രണ്ടു വർഷത്തെ D.ELED യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാലാണ്. രണ്ടാം ഹർജിക്കാരിയായ ശ്രീമതി. ബിബിമോൾ വർഗീസ് ന്റെ 03/06/2024 മുതലുള്ള നിയമനം നിരസിച്ചിരിക്കുന്നത് മാനേജ്മെൻറിന് കീഴിലുള്ള സ്കൂളുകളിലെ പി.ടി. എൽ.ജി. തസ്തികയിലെ നിയമനങ്ങൾ നിരസിച്ചിട്ടുള്ള സാഹചര്യത്തിലും കായൽപ്പുറം സെന്റ് ജോസഫസ് യു പി സ്കൂളിലെ പി റ്റി എൽ ജി ഹിന്ദി അധ്യാപികയായ ശ്രീമതി ജെസ്സിനാമ്മ ജോസിനെ 15/07/2021 മുതൽ പുളിങ്കുന്ന് ലിറ്റിൽ ഫ്ലവർ ഹൈസ്കൂളിൽ ഫുൾടൈം എൽ ജി ഹിന്ദി അധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ സിസ്റ്റർ ജെസ്റ്റി ദേവസ്യയെ നിയമിക്കുകയും ടി നിയമനം ശ്രീമതി ജെസ്സിനാമ്മ ജോസിന്റെ നിയമനം കുട്ടനാട് ജില്ലാ വിദ്യഭ്യാസ ഓഫീസർ അംഗീകരിച്ച് നല്കിയിട്ടില്ലാത്തതിനാൽ മങ്കൊമ്പ് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. ടി തസ്തികയിലെ തുടർ നിയമനങ്ങൾ ആയ ശ്രീമതി ആൻ മേരി സണ്ണി, ശ്രീമതി ആഷ്ലിമോൾ സജു (കായൽപ്പുറം സെന്റ് ജോസഫ്സ് യു.പി.എസ്) ജോസ്മി ജോസ്, അന്നമ്മ ആന്റണി, അനീഷ് ജേക്കബ് (കണ്ണാടി SHUP ) എന്നി നിയമനങ്ങളും ഒഴിവുകൾ വ്യവസ്ഥാപിതമാകാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്. ഈ മാനേജ്മെന്റിന്റെ നിയമനങ്ങൾ പ്രയോറിറ്റി അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ പരാമർശിച്ചിരിക്കുന്ന അധ്യാപകരുടെ നിയമനങ്ങൾ പരിഗണിച്ചതിനു ശേഷം മാത്രമേ ശ്രീമതി ബിബിമോൾ വർഗീസിന്റെ നിയമനം പരിഗണിക്കാൻ നിർവാഹമുള്ളൂ, കൂടാതെ രണ്ടു വർഷത്തെ D.ELED യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാലാണ്.

5) ഹർജിക്കാരുടെ നിയമനം നിരസിക്കാൻ ഉന്നയിച്ചിരിക്കുന്ന കാരണങ്ങൾ എല്ലാം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നേരിൽ കേട്ട വേളയിൽ ഹർജിക്കാർ ഉന്നയിച്ച പ്രധാന ആവശ്യം ഒഴിവ് വ്യവസ്ഥാപിതമാക്കുന്ന മുറയ്ക്ക് തങ്ങളുടെ 03.06.2024 മുതലുള്ള നിയമനത്തിന് രണ്ടു വർഷത്തെ D.EL.ED യോഗ്യത നേടുന്നതിൽ നിന്നും ഇളവ് അനുവദിക്കണമെന്നതാണ്, ആയതിനു

കാരണമായി ഹർജിക്കാർ ചൂണ്ടിക്കാണിക്കുന്നത് 15.05.2024 ലെ P.S.C നോട്ടിഫിക്കേഷൻ പ്രകാരം കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ പരീക്ഷ / ഹിന്ദി ഭൂഷൺ പരിക്ഷ യും SSLC യും പാസായ ആളുകൾക്ക് ജൂനിയർ ഹിന്ദി ടീച്ചറിന്റെ നിയമനത്തിന് 19.06.2024 വരെ അപേക്ഷിക്കൻ അർഹതയുള്ളതായി വ്യക്തമാക്കിയിട്ടുണ്ട് അതിനാൽ 03.06.2024 ൽ നിയമിക്കപ്പെട്ട ഹർജികാർക്ക് രണ്ടു വർഷത്തെ D.EL.ED യോഗ്യത നേടണം എന്ന് പറയുന്നത് കടുത്ത വിവേചനവും, കൂടാതെ ആയതു ഭരണഘടനയുടെ അനുച്ഛേദം 14 നും 16നും എതിരാണ് എന്നുമാണ്.

6) 19.12.2024 ലെ സ.ഉ.(കൈ) നം.154/2024/GEDN ഉത്തരവ് പ്രകാരം എയ്ഡഡ് സ്കൂളുകളിൽ 09.06.2024 വരെ നിയമിതരായവർക്ക് D.EL.ED യോഗ്യത നേടുന്നതിൽ നിന്നും ഇളവനുവദിച്ചിട്ടുണ്ട്. ആയതിനാൽ മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ സീനിയർ നിയമനാർത്ഥികൾക്ക് അംഗീകാരം നൽകുന്ന മുറയ്ക്ക് /ഒഴിവ് വ്യവസ്ഥാപിതമാകുന്ന മുറയ്ക്ക് ഹർജിക്കാരായ ശ്രീമതി. ലിസ് മാത്യു, ശ്രീമതി. ബിബിമോൾ വർഗീസ് എന്നിവരുടെ നിയമനം നിയമന തീയതി മുതൽ ഭിന്നശേഷി സംവരണവ്യവസ്ഥകളനുസരിച്ച് അംഗീകാരം നൽകുന്നതിന് മങ്കൊമ്പ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K J SALINI
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, ആലപ്പുഴ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുട്ടനാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, മങ്കൊമ്പ്
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ് ചങ്ങനാശ്ശേരി അതിരൂപത, ചങ്ങനാശ്ശേരി, കോട്ടയം - 686 101
ശ്രീമതി.ലിസ്സ് മാത്യു, പാർട്ട് ടൈം എൽ.ജി. ഹിന്ദി ടീച്ചർ, എസ്.എച്ച്. യു.പി. സ്കൂൾ, കണ്ണാടി പി.ഒ, ആലപ്പുഴ - 688 504.
ശ്രീമതി.ബിബിമോൾ വർഗീസ്, ഫുൾടൈം എൽ.ജി. ഹിന്ദി ടീച്ചർ, സെന്റ് തോമസ് യു.പി. സ്കൂൾ, ചമ്പക്കുളം പി.ഒ, ആലപ്പുഴ - 688 505
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar C. O
സെക്ഷൻ ഓഫീസർ
Date: 28-06-2025 15:55:55